ഉത്തരം

(എ&ബി) ഉണ്ട്. 1999 ജൂൺ 23, 24 തീയതികളിൽ സംസ്ഥാനതലത്തിൽ സംഘടിപ്പിച്ച പൈതൃക സംരക്ഷണ സെമിനാറിൽ ഈ രംഗത്തെ ദേശീയ തലത്തിലുള്ള വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് പൈതൃക സംരക്ഷണ നിയമത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. നാടിന്റെ സാംസ്കാരിക പൈതൃകം വെളിപ്പെടുത്തുന്ന വസ്തുക്കൾ, നിർമ്മിതികൾ, ആചാരാനുഷ്ഠാനങ്ങളുടെ ഭാഗങ്ങൾ, ചരിത്രാംശങ്ങൾ തുടങ്ങിയവ ഭാവിതലമുറയ്ക്കായി സംരക്ഷിച്ച് നിലനിർത്തുക, വിവിധ കാരണങ്ങളാൽ വളരെ പെട്ടെന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കുന്ന ചരിത്ര സാംസ്കാരിക വസ്തുക്കൾ ശേഖരിച്ച് പഞ്ചായത്തുകൾ തോറും സാംസ്കാരിക പൈതൃക മ്യൂസിയങ്ങൾ തയ്യാറാക്കുക തുടങ്ങിയവയാണ് ലക്ഷ്യം.

സംരക്ഷിത സ്മാരകങ്ങൾ

12 (1992) ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള ഏതെങ്കിലും സംരക്ഷിത സ്മാരകങ്ങളോ സ്ഥലങ്ങളോ നശിപ്പിക്കപ്പെടുകയോ കയ്യേറ്റം ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ അത് ഏതെല്ലാമാണ് എന്ന് വെളിപ്പെടുത്താമോ ;

(സി) അവയുടെ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പുരാവസ്തു വകുപ്പിന്റെ അധീനതയിലുള്ള ഏതാനും സംരക്ഷിത സ്മാരകങ്ങളിൽ അനധികൃത നിർമ്മാണ കൈയേറ്റ ശ്രമങ്ങൾ ഉണ്ടായിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ കിഴക്കേകോട്ട മതിലുകൾ, മടവൂർപ്പാറ ഗുഹാക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ അരിയന്നൂർ ക്ഷേത്രം എന്നിവ.

(സി) മേല്പറഞ്ഞ സ്മാരകങ്ങൾക്ക് ദോഷകരമായി ഭവിക്കുന്ന രീതിയിൽ ഉണ്ടായ അനധികൃത നിർമ്മാണങ്ങൾ എത്രയുംവേഗം നീക്കം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിർമ്മാണം നടത്തിയ വ്യക്തികൾക്കും അവ പൊളിച്ച് നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നല്കിയിട്ടുണ്ട്.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ

13 (1993) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly